**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5347** **21-07-2022 - ൽ മറുപടിയ്ക്ക്**

## കെ.എസ്.ആർ.ടി.സിയുടെ വരവും ചെലവും ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സിയുടെ 2022 മേയ് മാസത്തെ വരുമാനം ഏതൊക്കെ വിധത്തിലുള്ളവയാണെന്ന് അറിയിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ 2022 മേയ് മാസത്തെ ടിക്കറ്റ് / ടിക്കറ്റിതര വരുമാനം ആകെ 192.67 കോടി രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>(തുക കോടിയിൽ) |
| (ബി) | കെ.എസ്.ആർ.ടി.സിയുടെ 2022 മേയ് മാസത്തെ ചെലവ് എത്ര രൂപ ആണെന്നും ആയതു ഏതൊക്കെ വിധത്തിൽ ആണെന്നും വ്യക്തമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ 2022 മേയ് മാസത്തെ ആകെ ചെലവ് 289.32 കോടി രൂപ യാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>(തുക കോടിയിൽ) |

(എ) വിശദാംശങ്ങൾ (തുക കോടിയിൽ):

| | |
|---|---|
| ടിക്കറ്റ് വരുമാനം | 172.09 |
| ജൻറം | 6.40 |
| കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് | 5.00 |
| ടിക്കറ്റിതര വരുമാനം | 9.18 |
| ആകെ | 192.67 |

(ബി) വിശദാംശങ്ങൾ (തുക കോടിയിൽ):

| | |
|---|---|
| ഡീസൽ | 92.21 |
| സ്പെയർ | 7.92 |
| ഏപ്രിൽ മാസത്തെ നെറ്റ് ശമ്പളം | 77.50 |
| അലവൻസ് (ഡ്യൂട്ടി സറണ്ടർ, ഐ.ബി., സി.ബി. തുടങ്ങിയവ) | 2.67 |
| കൺസോർഷ്യം വായ്പ തിരിച്ചടവ് | 31.19 |
| എം.എ.സി.റ്റി. | 1.34 |
| മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് | 0.16 |
| റിക്കവറി തുകകൾ ഒടുക്കുന്നതിന് | 1.78 |
| പി.എഫ്. ട്രസ്റ്റ് | 3.40 |
| പെൻഷൻ ആനുകൂല്യങ്ങൾ | 4.54 |
| ടോൾ / ഫാസ്റ്റാഗ് | 1.38 |

| | | | |
|---|---|---|---|
| | | | ടി.ഡി.എസ്. / ജി.എസ്.ടി. \| 1.35<br>ഏപ്രിൽ മാസത്തെ ഓവർഡ്രാഫ്റ്റ് തിരിച്ചടവ് \| 50.28<br>മെയ് മാസത്തെ ഓവർഡ്രാഫ്റ്റ് തിരിച്ചടവ് \| 8.00<br>മറ്റിനങ്ങൾ (ഇലക്ട്രിസിറ്റി, വെള്ളം, വാടക തുടങ്ങിയവ) \| 5.60<br>ആകെ \| 289.32 |
| (സി) | വരവും ചെലവും ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ ഏതൊക്കെ വിധത്തിലാണെന്ന് അറിയിക്കാമോ? | (സി) | വരവും ചെലവും ഏകോപിപ്പിക്കുന്നതിനായി കോർപ്പറേഷൻ ഘട്ടംഘട്ടമായി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി സർവ്വീസ് നടത്തുന്നതോടൊപ്പം, ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി സർക്കാർ നൽകിയ 50 കോടി രൂപ വിനിയോഗിച്ച് മൾട്ടി ആക്സിൽ ഉൾപ്പെടെ 116 സൂപ്പർ ക്ലാസ് ബസ്സുകൾ വാങ്ങി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖാന്തിരം അന്തർ സംസ്ഥാന റൂട്ടുകൾ ഉൾപ്പെടെയുള്ള നിരവധി ദീർഘദൂര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഇപ്രകാരം പുതിയ ബസ്സുകൾ നിരത്തിലിറക്കിയതുവഴി യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതോടൊപ്പം വരുമാന വർദ്ധനവും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉപയോഗ യോഗ്യമല്ലാത്ത ബസ്സുകൾ സ്റ്റാളുകളാക്കി മാറ്റി വിവിധ ഏജൻസികൾക്ക് വാടകയ്ക്ക് നൽകുന്ന ഷോപ്പ് ഓൺ വീൽസ്, പൊതുജനങ്ങൾക്ക് കൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽ നിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, സ്ഥിര യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യം നൽകുന്ന ബസ്സ് ഓൺ ഡിമാന്റ്, മൂന്നാറിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്സ്, വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർ പാക്കേജുകൾ, ല്യൂബ്രിക്കേറ്റിംഗ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, മത്സ്യ വിപണന രംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജന പ്രദമായ സമുദ്ര ഉൾപ്പെടെ നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. ഇത്തരത്തിൽ കൂടുതൽ സർവ്വീസുകൾ നിരത്തിലിറക്കി പ്രതിദിന ടിക്കറ്റ് വരുമാനവും, അതോടൊപ്പം ടിക്കറ്റിതര വരുമാനവും വർദ്ധിപ്പിച്ച് വരവും, ചെലവും |

| | | | |
|---|---|---|---|
| | | | ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ